## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4094 — 12.12.2018 ൽ മറുപടിയ്ക്ക്

## സപ്ലൈകോയുടെ പീപ്പിൾസ് ബസാറിൽ നടന്ന തട്ടിപ്പ്

**ചോദ്യം**
ശ്രീ.അനിൽ അക്കര

**ഉത്തരം**
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ഫോർട്ടിലെ സപ്ലൈകോയുടെ പീപ്പിൾസ് ബസാറിൽ 33 ലക്ഷം രൂപയുടെ തട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടോ; | (എ) | തിരുവനന്തപുരം ഫോർട്ട് സപ്ലൈകോ പീപ്പിൾസ് ബസാറിൽ സപ്ലൈകോ വിജിലൻസ് പരിശോധന നടത്തി 9,46,966.29 രൂപയുടെ ക്രമക്കേട് കണ്ടെത്തി യിട്ടുണ്ട്. |
| (ബി) | പ്രസ്തുത തട്ടിപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) യും (സി) യും | ക്രമക്കേട് കണ്ടെത്തിയതിൽ കൊല്ലം ക്രൈം ബ്രാഞ്ച് കോടതിയുടെ ജാമ്യ നിബന്ധനപ്രകാരം തിരുവനന്തപുരം ജില്ലയിൽ തന്നെ തുടരേണ്ടതായ ഒരാളൊഴികെ മറ്റെല്ലാ ജീവനക്കാരെയും മേഖല മാറ്റി സ്ഥലം മാറ്റുകയും അന്വേഷണത്തിന് വിഘാതമുണ്ടാകാതിരിക്കാൻ രണ്ട് ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ മുഖാന്തിരം വിശദമായ ഒരന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | രാഷ്ട്രീയ പരിഗണന വച്ച് പ്രസ്തുത തട്ടിപ്പിന് കാരണക്കാരായ ജീവനക്കാരെ സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിച്ചതെന്ന പരാതി പരിഗണിച്ചിട്ടുണ്ടോ; | | |
| (ഡി) | പ്രസ്തുത തട്ടിപ്പ് കണ്ടുപിടിച്ച ജീവനക്കാരിൽ ആരെയെങ്കിലും സ്ഥലം മാറ്റിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ടി ഔട്ട് ലെറ്റിലെ ജീവനക്കാരിൽ കൊല്ലം ക്രൈം ബ്രാഞ്ച് കോടതിയുടെ ജാമ്യ നിബന്ധനപ്രകാരം തിരുവനന്തപുരം ജില്ലയിൽ തന്നെ തുടരേണ്ടതായ ഒരാളൊഴികെ മറ്റു ജീവനക്കാരെ മേഖല മാറ്റി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ